# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

**എം.ബി.എ 2024 ഫുൾ ടൈം/പാർട്ട് ടൈം പ്രവേശനത്തിന് അപേക്ഷ നീട്ടി**

കാലിക്കറ്റ് സർവ്വകലാശാല കോമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് പഠനവകുപ്പ്, സർവ്വകലാശാല സ്വാശ്രയ സെന്ററുകൾ (ഫുൾ ടൈം/പാർട്ട് ടൈം), സ്വാശ്രയ കോളേജുകൾ (ഓട്ടണമസ് ഒഴികെ) എന്നിവയിൽ 2024 വർഷത്തെ എം.ബി.എ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി 2024 ജൂൺ 15 വരെ നീട്ടിയിരിക്കുന്നു.

**സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് കോട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവരും നിശ്ചിത ഫീസടച്ച് ഓൺലൈൻ രജിസ്റ്റർ ചെയ്യണം.** ഓട്ടണമസ് കോളേജിൽ പ്രവേശനം അഗ്രഹിക്കുന്നവർ കോളേജിൽ നേരിട്ട് അപേക്ഷ സമർപ്പിച്ച് പ്രവേശനം നേടേണ്ടതാണ്. ബിരുദഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ബിരുദ യോഗ്യത മാർക്ക് ലിസ്റ്റ്/ഗ്രേഡ് കാർഡിന്റെ ഒറിജിനൽ പ്രവേശനം അവസാനിക്കുന്നതിനു മുമ്പായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ KMAT 2024, CAT 2023 യോഗ്യത നേടിയിരിക്കണം. CMAT 2024 യോഗ്യത നേടുന്നവർക്ക് അപേക്ഷ നൽകുന്നതിനുള്ള സൗകര്യം പിന്നീട് നൽകുന്നതായിരിക്കും.

വിശദവിവരങ്ങൾക്ക് വെബ്സൈറ്റിൽ (www.admission.uoc.ac.in) പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസ് കാണുക.

ഫോൺ : 0494 2407017, 2407363.

(ഒപ്പ്)
ഡയറക്ടർ

C.U. Campus
06.06.2024